**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2896** **22-01-2021 - ൽ മറുപടിയ്ക്ക്**

**അതിഥി തൊഴിലാളികളുടെ ജീവിത നിലവാരം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . എൽദോസ് പി. കുന്നപ്പിള്ളിൽ ,<br>ശ്രീ. ടി. ജെ. വിനോദ്,<br>ശ്രീ. അനൂപ് ജേക്കബ് ,<br>ശ്രീ. വി. പി. സജീന്ദ്രൻ | | Shri. T. P . Ramakrishnan<br>(തൊഴിലും എക്സൈസും വകുപ്പുമന്ത്രി) | |
| (എ) | അതിഥി തൊഴിലാളികളുടെ ജീവിതസാഹചര്യം തുലോം പരിതാപകരമാണെന്നുള്ള കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | അവരുടെ ജീവിത നിലവാരം ഉയർത്തുന്നതിനും വൃത്തിയുള്ളതും സുരക്ഷിതവുമായ താമസസൗകര്യം ഒരുക്കുന്നതിനും ഇതിനകം സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വെളിപ്പെടുത്താമോ; | (ബി) | അതിഥി തൊഴിലാളികളുടെ മോശപ്പെട്ട ജീവിത സാഹചര്യങ്ങൾ കണക്കിലെടുത്തും ഈ തൊഴിലാളികൾ സംസ്ഥാനത്തിന്റെ സാമ്പത്തിക വികസനത്തിന് നൽകിയ സംഭാവനകൾ കണക്കിലെടുത്തും ഇത്തരം തൊഴിലാളികൾക്ക് താങ്ങാവുന്ന നിരക്കിൽ വൃത്തിയുള്ള, സുരക്ഷിതമായ ഹോസ്റ്റൽ സൗകര്യം "അപ്നാഘർ" പ്രോജക്ട് മുഖേന വിഭാവനം ചെയ്തിരിക്കുന്നു. ഹോസ്റ്റലുകളിൽ പങ്ക് വെക്കപ്പെടുന്ന കിടപ്പുമുറികളും ഒന്നിലധികം അടുക്കളകളും, മെസ് ഏരിയകളും, കുളിമുറികളും, ടോയ്.ലെറ്റുകളും റിക്രിയേഷണൽ സൗകര്യങ്ങളും രൂപകൽപന ചെയ്തിരിക്കുന്നു. ഈ ഹോസ്റ്റലുകൾക്ക് സീവേജ് ട്രീറ്റ്മെന്റ് പ്ലാന്റ്, മഴവെള്ള സംഭരണം, ഡീസൽ ജനറേറ്റർ ബാക്ക് അപ്, സി.സി. ടി.വി സംവിധാനങ്ങൾ എന്നിവയുമുണ്ട്. ഭവനം ഫൗണ്ടേഷൻ കേരള മുഖേന ആദ്യമായി പൂർത്തിയാക്കിയ അപ്നാഘർ പ്രോജക്ട്, പാലക്കാട് ജില്ലയിലെ കഞ്ചിക്കോട് കിൻഫ്ര ഇന്റഗ്രേറ്റഡ് ഇൻഡസ്ട്രിയൽ & ടെക്സ്റ്റൈൽ പാർക്കിൽ സ്ഥിതി ചെയ്യുന്നു. ഏകദേശം 47000 ചതുരശ്ര അടി വിസ്തീർണ്ണത്തോടെ 4 നിലകളിലുള്ള ഈ ഹോസ്റ്റൽ കോംപ്ലക്സിൽ 620 ഇതര സംസ്ഥാന തൊഴിലാളികൾ താമസിച്ചു വരുകയും ചെയ്യുന്നു. സംസ്ഥാനത്ത് താമസിച്ച് ജോലി ചെയ്തുവരുന്ന എല്ലാ അതിഥി തൊഴിലാളികൾക്കും ശുചിത്വവും സുരക്ഷിതത്വവുമുള്ള താമസ സൗകര്യം ഉറപ്പാക്കുന്നതിന് "ഗസ്റ്റ് വർക്കേഴ്സ് ഫ്രണ്ട്.ലി റസിഡൻസ് ഇൻ കേരള പ്രോജക്ട് (AALAY)" |

| | | | |
|---|---|---|---|
| | | | എന്ന പദ്ധതി സർക്കാർ ആവിഷ്കരിച്ചിട്ടുണ്ട്. 05/08/2020 തീയതിയിലെ ജി.ഒ (ആർ.ടി) നം.782/2020/തൊഴിൽ നമ്പർ ഉത്തരവ് പ്രകാരം ടി പദ്ധതിയ്ക്കുള്ള അനുമതി ലഭ്യമാക്കിയിട്ടുണ്ട്. സർക്കാരിന്റെ 100 ദിന പരിപാടിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്ന പദ്ധതി പൂർണ്ണമായി ഓൺലൈൻ സംവിധാനത്തിലൂടെയാണ് നടപ്പിലാക്കുന്നത്. ഇതരസംസ്ഥാന തൊഴിലാളികളുടെ ലേബർ ക്യാമ്പുകളിലെ ജീവിത/ശുചിത്വ നിലവാരം ഉറപ്പു വരുത്തുന്നതിനുള്ള നിർദ്ദേശങ്ങൾ ഉൾപ്പെടുത്തി 03.08.2016-ൽ സ.ഉ.(സാധാ) 960/2016/ തൊഴിൽ നമ്പർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. |
| (സി) | ജനനി പദ്ധതി പ്രകാരം ഇതിനകം എവിടെയൊക്കെയാണ് ഇവർക്കായുള്ള ഭവന പദ്ധതി നടപ്പിലാക്കിയതെന്ന് അറിയിക്കാമോ; | (സി) | "ജനനി" ഭവന നിർമ്മാണ പദ്ധതി സംസ്ഥാനത്തെ അസംഘടിത മേഖലയിലെ തൊഴിലാളികൾക്കും കുറഞ്ഞ വേതനമുള്ള തൊഴിലാളികൾക്കും താങ്ങാവുന്ന ചെലവിൽ പാർപ്പിടം പ്രദാനം ചെയ്യുന്ന പദ്ധതിയാണ്. |
| (ഡി) | അപ്നാ ഘർ പദ്ധതി നടത്തിപ്പിനായി തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് എന്നിവിടങ്ങളിൽ സ്ഥലം ഏറ്റെടുത്തിട്ടുണ്ടോ; പ്രസ്തുത സ്ഥലങ്ങളിലെ ഫ്ലാറ്റ് നിർമ്മാണം ഏത് ഘട്ടത്തിലാണെന്ന് വെളിപ്പെടുത്താമോ; | (ഡി) | ഇതര സംസ്ഥാന തൊഴിലാളികൾക്കായി കോഴിക്കോട് ജില്ലയിലെ കിനാലൂരിൽ കെ.എസ്.ഐ.ഡി.സി ഇൻഡസ്ട്രിയൽ ഗ്രോത്ത് സെന്ററിൽ ഒരേക്കർ ഭൂമിയിൽ G+2 നിലകളിലായി 520 ബെഡുകളോട് കൂടി 14.67 കോടി രൂപ നിർമ്മാണ ചെലവുള്ള ഹോസ്റ്റൽ സമുച്ചയത്തിൽ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. എറണാകുളത്ത് കളമശേരി കിൻഫ്രാ ഹൈടെക് പാർക്കിനുള്ളിൽ 990 പേർക്ക് താമസിക്കാവുന്ന ഹോസ്റ്റൽ സമുച്ചയവും നിർമ്മിക്കുന്നതിനുള്ള നടപടികൾ നടന്നുവരുന്നു. തിരുവനന്തപുരം ജില്ലയിലെ അപ്നാഘർ ചെമ്പഴന്തി സ്കീം നടപ്പിലാക്കാൻ ഉദ്ദേശിച്ചിരുന്നു എങ്കിലും സ്ഥലദൗർലഭ്യവും പ്രാദേശിക പ്രതിഷേധവും കാരണം ടി പദ്ധതി ഉപേക്ഷിക്കുകയുണ്ടായി. |
| (ഇ) | കോവിഡ് കാലത്ത് അതിഥി തൊഴിലാളികളുടെ രജിസ്ട്രേഷൻ നടപടികൾ പൂർത്തിയാക്കുന്നതിന് സാധിച്ചിട്ടുണ്ടോ; വിശദാംശം നൽകാമോ? | (ഇ) | കോവിഡ്-19 മഹാമാരിയെ തുടർന്ന് 31/03/2020-നു ശേഷം "ആവാസ്" പദ്ധതിയിലേയ്ക്കുള്ള രജിസ്ട്രേഷൻ നിർത്തി വച്ചിരുന്നു. 31/03/2020 വരെ ടി പദ്ധതിയിൽ 509363 ഇതര സംസ്ഥാന തൊഴിലാളികൾ രജിസ്റ്റർ ചെയ്തിരുന്നു. ലോക്ഡൗൺ ഇളവുകൾ നൽകി തുടങ്ങിയതിനെ തുടർന്നും സ്വദേശത്തേയ്ക്ക് മടങ്ങിയ ഇതര സംസ്ഥാന തൊഴിലാളികൾ തിരികെ കേരളത്തിലേയ്ക്ക് തിരിച്ചു വരാൻ തുടങ്ങിയ സാഹചര്യത്തിലും 21/12/2020-ാം തീയതി മുതൽ ആവാസ് രജിസ്ട്രേഷൻ കോവിഡ്-19 |

| | | | |
|---|---|---|---|
| | | | മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ട് ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ